**പതിമൂന്നാം കേരള നിയമസഭ**

**പത്താം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 127** **06.01.2014-ൽ മറുപടിയ്ക്ക്**

**സ്വിം ഇൻ സർവൈവ് പദ്ധതി**

| **ചോദ്യം** | | **മറുപടി** | |
|---|---|---|---|
| **ശ്രീ.റ്റി.എൻ.പ്രതാപൻ**<br>**ശ്രീ.എം.എ.വാഹീദ്**<br>**ശ്രീ.എ.പി.അബ്ദുള്ളക്കുട്ടി**<br>**ശ്രീ.കെ.ശിവദാസൻ നായർ** | | **ശ്രീ.തിരുവഞ്ചൂർ രാധാകൃഷ്ണൻ**<br>**(കായികവകുപ്പുമന്ത്രി)** | |
| (എ) | സംസ്ഥാനത്ത് കായികവകുപ്പിന്റെ നേതൃത്വത്തിൽ സ്വിം ഇൻ സർവൈവ് പദ്ധതിക്ക് തുടക്കം കുറിച്ചിട്ടുണ്ടോ ; വിശദമാക്കാമോ ; | (എ), (ബി & (സി) | ഉണ്ട്. വിശദാംശം അനുബന്ധമായി ചേർക്കുന്നു |
| (ബി) | ആയതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ ; | | |
| (സി) | സ്വരക്ഷക്കായി വിദ്യാർത്ഥികൾക്ക് നീന്തൽ പരിശീലനം നൽകാൻ എന്തെല്ലാം കാര്യങ്ങളാണ് പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നതെന്ന് വിശദമാക്കുമോ ; | | |
| (ഡി) | ഏതെല്ലാം ഏജൻസികളുടെ സഹായത്തോടെയാണ് പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നതെന്ന് വിശദീകരിക്കാമോ ? | (ഡി) | രാഷ്ട്രീയ ലൈഫ് സേവിംഗ് സൊസൈറ്റിയുടെ സഹകരണത്തോടെയാണ് ടി പദ്ധതി നടപ്പിലാക്കി വരുന്നത്. |

സെക്ഷൻ ഓഫീസർ

## അനുബന്ധം.

## സ്വിം എൻ സർവൈവ്

കേരളത്തിൽ ഓരോ വർഷവും റിപ്പോർട്ട് ചെയ്യപ്പെടുന്ന മുങ്ങി മരണങ്ങളുടെ എണ്ണം വളരെ കൂടുതലാണെന്നും ആയതിൽ കുട്ടികളാണേറെയും എന്ന വസ്തുതയുടെ വെളിച്ചത്തിൽ പ്രസ്തുത സാഹചര്യത്തെ അതിജീവിക്കുന്നതിന് സ്കൂളിൽ പഠിക്കുന്ന എല്ലാ കുട്ടികൾക്കും നീന്തൽ പരിശീലനം നൽകുക എന്ന ഉദ്ദേശത്തോടുകൂടി സർക്കാർ കായികയുവജനകാര്യ വകുപ്പിന്റെ ആഭിമുഖ്യത്തിൽ രാഷ്ട്രീയ ലൈഫ് സേവിംഗ് സൊസൈറ്റിയുടെ സഹകരണത്തോ ടെ സ്വിം ആന്റ് സർവൈവ് പദ്ധതി നടപ്പിലാക്കി വരുന്നു. പൈലറ്റ് പ്രോജക്റ്റ് എന്ന നിലയ്ക്ക് കഴിഞ്ഞ സാമ്പത്തിക വർഷം കോട്ടയം എംഡി സെമിനാരി സ്കൂളിൽ ടി പദ്ധതി 29-3-2012 തീയതിയിൽ ബഹു. കായിക വകുപ്പ് മന്ത്രി ഉദ്ഘാടനം ചെയ്യുകയുണ്ടായി. പ്രസ്തുത സ്കൂളിലെ 400ലധികം കുട്ടികൾ ഈ പദ്ധതിയിൻ കീഴിൽ നീന്തൽ പരിശീലനം നേടുകയും ചെയ്തിട്ടുണ്ട്. പ്രസ്തുത പൈലറ്റ് പദ്ധതി പൂർത്തിയായതിനു ശേഷം ആയതിന്റെ തുടർച്ചയായി ടി ഉപകരണങ്ങൾ ഉപയോഗിച്ച് കോട്ടയത്തുതന്നെയുള്ള എംറ്റി സെമിനാരി ഹയർ സെക്കണ്ടറി സ്കൂളിൽ സ്വിം ആന്റ് സർവൈവ് പദ്ധതി നടപ്പിലാക്കിവരുന്നു. നടപ്പു സാമ്പത്തിക വർഷത്തിൽ സംസ്ഥാനത്തെ വിവിധ ജില്ലകളിലായി തെരഞ്ഞെടുക്കപ്പെട്ട 5 സ്കൂളുകളിൽ പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നതിനുള്ള നടപടികൾ പൂർത്തിയായി വരുന്നു. അതായത് സ്കൂളുകളിൽ രാഷ്ട്രീയ ലൈഫ് സേവിംഗ് സൊസൈറ്റിയുടെ സാങ്കേതിക വിദഗ്ധർ സ്ഥാപിക്കുന്ന പോർട്ടബിൾ നീന്തൽ കുളങ്ങളിൽ രാഷ്ട്രീയ ലൈഫ് സേവിംഗ് സൊസൈറ്റിയുടെ നേതൃത്വത്തിലുള്ള വിദഗ്ധരായ പരിശീലകരാണ് കുട്ടികൾക്ക് നീന്തൽ പരിശീലനം നൽകുന്നത്.

സെക്ഷൻ ഓഫീസർ